# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## തിരുത്തൽ വിജ്ഞാപനം

No. DR5-3/1/2023-KPSC *തിരുവനന്തപുരം, 2023 ഫെബ്രുവരി 10*

31.12.2022 തീയതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 814/2022, 815/2022, 816/2022 ആയി വിജ്ഞാപനം ചെയ്ത ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ പാർട്ട് II (സൊസൈറ്റി ക്വോട്ട) [രണ്ടാം എൻ.സി.എ- മുസ്ലിം (തിരുവനന്തപുരം, കോട്ടയം, കാസറഗോഡ്), എസ്.സി. (ആലപ്പുഴ, കോട്ടയം. കാസറഗോഡ്), എൽ.സി/എ.ഐ (തിരുവനന്തപുരം)] തസ്തികയുടെ മലയാളം വിജ്ഞാപനത്തിൽ ക്രമ നമ്പർ 7, യോഗ്യതകളിലെ ക്രമ നമ്പർ i), iii) എന്നിവ താഴെപ്പറയും പ്രകാരം തിരുത്തി ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

"i) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ലഭിച്ച ബിരുദവും ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷനും (കേരള സംസ്ഥാന സഹകരണ യൂണിയനിൽ നിന്നും ലഭിച്ച എച്ച്.ഡി.സി അല്ലെങ്കിൽ എച്ച്.ഡി.സി ആന്റ് ബി.എം അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേഷനിൽ നിന്നും ലഭിച്ച എച്ച്.ഡി.സിയും എച്ച്.ഡി.സി.എം -ഉം അല്ലെങ്കിൽ വിജയകരമായി പൂർത്തിയാക്കിയ സബോർഡിനേറ്റ് (ജൂനിയർ) പേഴ്സണൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജൂനിയർ) ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ)

അല്ലെങ്കിൽ

കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗിൽ ലഭിച്ച ബി.എസ്.സി ബിരുദം

അല്ലെങ്കിൽ

കേരളത്തിലെ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ലഭിച്ച ബി.കോം (വിത്ത് കോ-ഓപ്പറേഷൻ) ബിരുദം"

"iii) അപേക്ഷകൻ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സമാനമായ അല്ലെങ്കിൽ ഉയർന്ന വിഭാഗത്തിലുള്ള മെമ്പർ സൊസൈറ്റിയിൽ മൂന്നു വർഷത്തിൽ കുറയാത്ത റഗുലർ സർവ്വീസുള്ള, സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരനായിരിക്കണം. ജീവനക്കാരൻ അപേക്ഷ അയയ്ക്കുന്ന അവസരത്തിൽ മാത്രമല്ല, ജോലി ലഭിക്കുന്ന തീയതിയിലും സംഘത്തിന്റെ സേവനത്തിൽ ഉണ്ടായിരിക്കണം"

പ്രസ്തുത ഗസറ്റ് വിജ്ഞാപനം മേൽപ്പറഞ്ഞ രീതിയിൽ ഭേദഗതി വരുത്തിയിരിക്കുന്നു.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്ജ്**
*സെക്രട്ടറി*
*കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ*